ഉത്തരം

(എ) സർക്കാരിന്റെ നയങ്ങളിൽ പ്രതിഷേധിച്ച് സെക്രട്ടേറിയറ്റിന് മുമ്പിൽ സമരം നടത്തുന്നതിന് സർക്കാർ എതിരല്ല. എന്നാൽ ഇതിന്റെ പേരിൽ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനം തടസ്സപ്പെടുത്തുന്നതും പൊതുജനങ്ങൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നതും ഒഴിവാക്കണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) 'എ'യുടെ വെളിച്ചത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഡി) 17-6-2003 തീയതിയിൽ സമരത്തിലേർപ്പെട്ടിരുന്നവർ സെക്രട്ടേറിയറ്റിനു മുമ്പിൽ ഫുട്പാത്തിൽ ഷാമിയാന കെട്ടി മാർഗ്ഗതടസ്സം സൃഷ്ടിച്ചതിലേക്ക് ശ്രീ. കൊടിക്കുന്നിൽ സുരേഷ് എം. പി., ഐ.എൻ.ടി.യു.സി. ജനറൽ സെക്രട്ടറി ശ്രീ. സത്യശീലൻ മറ്റ് കണ്ടാലറിയാവുന്ന 50-ഓളം പേർക്കെതിരെ കൺറ്റോൺമെന്റ് പോലീസ് സ്റ്റേഷനിൽ ക്രൈം 124/03 നമ്പരായി സെക്ഷൻസ് 143, 147, 149, 383 ഐ.പി.സി. പ്രകാരവും 38 ആർ/ഡബ്ല്യു. സെക്ഷൻ 52 ഓഫ് കെ. പി. ആക്ട് പ്രകാരവും കേസ് രജിസ്റ്റർ ചെയ്ത് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ചെന്നൈയിൽ കേരളത്തിന് അവകാശപ്പെട്ട സ്ഥലം

11 (2111) ശ്രീ. വി. സി. കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചെന്നൈയിൽ കേരളത്തിന് അവകാശപ്പെട്ട ഏതെങ്കിലും സ്ഥലമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിസ്തൃതി എത്ര എന്ന് വെളിപ്പെടുത്താമോ ;

(സി) ഈ സ്ഥലത്ത് സാംസ്കാരിക നിലയവും ഗസ്റ്റ് ഹൗസും പണിയുന്നതിന് 18-6-1998 ൽ കേരളസർക്കാർ ഉത്തരവായിട്ടുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതനുസരിച്ച് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ;

(ഇ) ഈ സ്ഥലം സ്വകാര്യമേഖലയ്ക്ക് കൈമാറുന്നതിന് എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ ;

(എഫ്) ഇല്ലെങ്കിൽ 18-6-1998-ലെ ഉത്തരവു പ്രകാരമുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 55 സെന്റ് സ്ഥലം.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഗസ്റ്റ്ഹൗസ് കം ഹോട്ടൽ പണിയുന്നതിന് ഈ സ്ഥലം കെ.ടി.ഡി.സി.ക്ക് 1998-99 വർഷത്തെ പാട്ടത്തിന് കൈമാറാനാണ് 18-6-2003-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചത്.

(ഡി) സർക്കാർ നിയന്ത്രണത്തിൽ ഈ സ്ഥലത്ത് സാംസ്ക്കാരിക കേന്ദ്രവും ഗസ്റ്റ്ഹൗസും നിർമ്മിച്ചാൽ മതിയെന്ന് 19-6-2002-ൽ കൂടിയ മന്ത്രിസഭായോഗം നിർദ്ദേശിച്ചതിന്റെ വെളിച്ചത്തിൽ ഇക്കാര്യം വിശദമായി പരിശോധിച്ചു വരികയാണ്.

(ഇ) ഇല്ല.

(എഫ്) സർക്കാർ നിയന്ത്രണത്തിൽ ഈ സ്ഥലത്ത് സാംസ്കാരിക നിലയവും ഗസ്റ്റ്ഹൗസും നിർമ്മിക്കാൻ നിർദ്ദേശം കൊണ്ടുവരണമെന്ന് മന്ത്രിസഭ തീരുമാനിച്ചതിനാൽ 18-6-1998-ലെ ഉത്തരവു പ്രകാരമുള്ള സ്ഥലകൈമാറ്റം നടന്നിട്ടില്ല. ഈ സ്ഥലത്തിന്റെ വിനിയോഗം സംബന്ധിച്ച നിർദ്ദേശങ്ങൾ സർക്കാർ പരിഗണിച്ചു വരികയാണ്.

ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ രൂപം നൽകിയിട്ടുള്ള ബോധവൽക്കരണ പരിപാടികൾ

12 (2114) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ ഈ വർഷം എന്തെല്ലാം ബോധവൽക്കരണ പരിപാടികൾക്കാണ് രൂപം നൽകിയിട്ടുള്ളതെന്നതിന്റെ വിശദാംശം വ്യക്തമാക്കുമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് തയ്യാറാക്കിയിട്ടുള്ള ബാക്ക്ഗ്രൗണ്ട് മെറ്റീരിയലുകളുടെ ഓരോ പ്രതിവീതം ലഭ്യമാക്കുമോ ;

(സി) ഇവയോരോന്നിന്റെയും എത്ര പ്രതി വീതമാണ് പ്രസിദ്ധപ്പെടുത്തിയതെന്നും ഇവയ്ക്കായി ആകെ എന്തുതുക ചിലവായി എന്നും വ്യക്തമാക്കുമോ ;

(ഡി) ദേശീയ പരിസ്ഥിതി ബോധവൽക്കരണ പരിപാടികൾക്കായി തെരഞ്ഞെടുത്ത സന്നദ്ധസംഘടനകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിൽ ഈ വർഷം കാലതാമസമുണ്ടായതിന് കാരണമെന്താണെന്നുകൂടി വ്യക്തമാക്കുമോ ; സാമ്പത്തിക സഹായത്തിന് കാലതാമസം നേരിടുന്നതിലൂടെ പരിപാടികളുടെ നിർവ്വഹണത്തിലുണ്ടാകുന്ന പോരായ്മ വിലയിരുത്തിയിട്ടുണ്ടോ ; ഇത് പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നുകൂടി വ്യക്തമാക്കുമോ ;

(ഇ) അനർഹമായ കടലാസ് സംഘടനകൾക്ക് യാതൊരു മാനദണ്ഡവും പാലിക്കാതെ സാമ്പത്തിക സഹായം നൽകുന്നുവെന്ന പരാതിയിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly